## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 521 — 04.07.2013 -ൽ മറുപടിയ്ക്ക്

## ഒഡെപെക് - ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**<br>**ശ്രീ.പി.സി.ജോർജ്**<br>**ഡോ:എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ഒഡെപെക്) ലിമിറ്റഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആയത് എത്രത്തോളം കാര്യക്ഷമമായി പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>പൊതുമേഖലാ സ്ഥാപനമായ 'ഒഡെപെക്' ന്റെ പ്രധാന പ്രവർത്തന മേഖല വിദേശത്തുള്ള തൊഴിലവസരങ്ങൾ കണ്ടെത്തി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കി കൊടുക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽ നിന്നും തൊഴിൽ അന്വേഷകരെ ഒരു പരിധി വരെ സംരക്ഷിക്കുകയുമാണ്. കഴിഞ്ഞ 3 ദശാബ്ദങ്ങളായി 'ഒഡെപെക്' ന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി തന്നെയാണ് നടന്നുവരുന്നത്. |
| (ബി) | തൊഴിൽ രഹിതർക്ക് വിദേശ രാജ്യങ്ങളിൽ ജോലി തരപ്പെടുത്തുന്നതിന് ഒഡെപെക് ലിമിറ്റഡിന്റെ പ്രവർത്തനം എത്രത്തോളം വിജയകരമാണ്; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഒഡെപെക് - ന്റെ വിജയകരമായ പ്രവർത്തനത്തിന്റെ ഫലമായി സൗദി ആരോഗ്യ മന്ത്രാലയം ഡോക്ടർമാരെയും നഴ്സുമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിൽ വച്ച് നടത്തുകയുണ്ടായി. ദുബായ് വേൾഡ് സെക്യൂരിറ്റീസ്, സുൽത്താനേറ്റ് ഓഫ് ഒമാനിലെ സലാലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സ്കൂൾ, ബിർലാ ഗ്രൂപ്പിന്റെ സലാലയിലെ സ്കൂൾ, യു.എ.ഇ യിലെ ജെംസ് ഗ്രൂപ്പ് സ്കൂൾ, ദുബായിലെ യൂസഫ് മെഷീൻസ് ആന്റ് സ്ട്രക്ച്ചറൽസ് കമ്പനി, സിംഗപ്പൂരിലെ സെംബവാംഗ് ഷിപ്പ്യാർഡ് എന്നിവിടങ്ങളിലേയ്ക്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ ഒഡെപെക് വഴി നടത്തുകയുണ്ടായി. കൂടാതെ ഖത്തർ നാഷണൽ സിമന്റ് കമ്പനി, |

| | | | |
|---|---|---|---|
| | | | ഒമാനിലെ അൽ-അദ്രക് ട്രേഡിംഗ് ആന്റ് കോൺട്രാക്ടിംഗ് കമ്പനി, കുവൈറ്റ് ആരോഗ്യ മന്ത്രാലയം എന്നിവിടങ്ങളിലേയ്ക്ക് ഒഡെപെക് മുഖേന ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ